തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. അതിൽ ആദ്യഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി. വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളായ 3.7 കി.മീ. റോഡ്, പാലം, ഡ്രെയിനേജ്, കേബിളിങ്ങ്, ട്രഞ്ച് എന്നിവയും ഇലക്ട്രിക് സബ്സ്റ്റേഷൻ, സ്വാഗത കമാനം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിൽ 45 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

(ഡി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതിയും MOEF ക്ലിയറൻസും ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിനായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻഅംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ഫോർട്ടുകൊച്ചി സബ്കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങൾ

239 (624) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള അക്ഷയകേന്ദ്രങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

1.	തിരുവനന്തപുരം	136
2.	കൊല്ലം	57
3.	ആലപ്പുഴ	110
4.	പത്തനംതിട്ട	37
5.	കോട്ടയം	89
6.	ഇടുക്കി	49
7.	എറണാകുളം	151
8.	തൃശ്ശൂർ	3
9.	പാലക്കാട്	0
10.	മലപ്പുറം	130
11.	കോഴിക്കോട്	39
12.	വയനാട്	5
13.	കണ്ണൂർ	7
14.	കാസർഗോഡ്	50

അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് അനുപാതികമായും, കോർപ്പറേഷന്റെ പ്രമേയവും അനുസരിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 2 കി.മി. ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ത്രിതല തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ്

(ആപ്ലിക്കേഷൻ സ്ക്രീനിംഗ്, എഴുത്തു പരീക്ഷ, ഇന്റർവ്യൂ) അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്നത്. പ്ലസ് ടു വോ തത്തുല്യ യോഗ്യതയുള്ള 18 വയസ്സു പൂർത്തിയാക്കിയ ആർക്കുവേണമെങ്കിലും ഇതിനായി അപേക്ഷിക്കാവുന്നതാണ്. അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി കുറഞ്ഞത് 300 sq ft ചുറ്റളവുള്ള ഒരു മുറിയും 3 കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, ഇന്റർനെറ്റ് കണക്ഷനും തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് ഉണ്ടായിരിക്കേണ്ടതാണ്. ഒരു അക്ഷയകേന്ദ്രം റദ്ദുചെയ്യുന്നതും അതിന്റെ ലൊക്കേഷൻ മാറ്റുന്നതിന് അനുമതി നൽകുന്നതും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ്. സംരംഭക തിരഞ്ഞെടുപ്പിന്റെ ഇന്റർവ്യൂ ബോർഡിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ അംഗങ്ങളാണ്.

ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച്

240 (625) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ഒരുക്കങ്ങളാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇപ്രാവശ്യം കൂടുതൽ പേർക്ക് ഹജ്ജിന് പോകുന്നതിനുള്ള അനുമതിക്കായി കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ;

(സി) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനയാത്ര കരിപ്പൂർ വിമാന ത്താവളം വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഈ വർഷവും ഹജ്ജ് അപേക്ഷ സ്വീകരിക്കുന്നതിന് വിപുലമായ ഒരുക്കങ്ങളാണ് ചെയ്തിട്ടുള്ളത്. അപേക്ഷകർക്ക് അപേക്ഷ ഫോറങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സൗകര്യമുണ്ട്. അക്ഷയ കേന്ദ്രം സംരംഭകർക്ക് ഈ വിഷയത്തിൽ വിശദമായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഓഫ്ലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് സൗജന്യ സേവനം നൽകുന്നതിന് സംസ്ഥാനത്തൊട്ടാകെ ട്രെയിനർമാരെ നിയോഗിക്കുകയും അവരുടെ മൊബൈൽ നമ്പരുകൾ പത്രത്തിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 70 വയസ്സിനു മുകളിൽ

LIBRARY ARCHIVES Kerala Legislative Assembly